7. സംയോജിത പാർപ്പിട ചേരി വികസന പരിപാടി-56.65 കോടി രൂപ

8. ചെറുകിട ഇടത്തരം പട്ടണങ്ങളുടെ പശ്ചാത്തല സൗകര്യ വികസന പദ്ധതി-156.95 കോടി രൂപ

9. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (പട്ടികജാതി)-347.51 കോടി രൂപ

10. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (പട്ടികവർഗ്ഗം)-21.96 കോടി രൂപ

11. ഗിരിവർഗ്ഗ ഇൻഷ്വറൻസ് പദ്ധതി-10.17 കോടി രൂപ

12. കുട്ടികൾക്ക് വേണ്ടിയുള്ള പോഷകാഹാര പദ്ധതി-207.44 കോടി രൂപ

13. സംയോജിത ശിശു ക്ഷേമപദ്ധതി-448.65 കോടി രൂപ

14. കാർഷിക സ്ഥിതി വിവര കണക്കുകളെ കുറിച്ച് യഥാസമയം വിവരം നൽകൽ-37.49 കോടി രൂപ

15. ഊർജ്ജിത ഗ്രാമീണ ജലവിതരണ പദ്ധതി-51.44 കോടി രൂപ

മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾ-1059.34 കോടി രൂപ

2010-11-ലെ ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.

2010-11 വർഷത്തെ പദ്ധതി വിഹിതത്തിൽ ചെലവഴിച്ച തുക

179(1436) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ 2010 ഡിസംബർ 31 വരെ എത്ര ശതമാനം തുക വിനിയോഗിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ 2010 ഡിസംബർ 31 വരെ മുനിസിപ്പൽ കോർപ്പറേഷൻ, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് എന്നിവ എത്ര ശതമാനം വിനിയോഗിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വകുപ്പുതല താല്ക്കാലിക കണക്കുകൾ പ്രകാരം 2010-11 സാമ്പത്തിക വർഷത്തിൽ 2010 ഡിസംബർ 31 വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന വൈദ്യുത ബോർഡ് എന്നിവയുടെ പദ്ധതി വിഹിതം ഉൾപ്പെടെ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 43 ശതമാനം വിനിയോഗിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വകുപ്പുതല താല്ക്കാലിക കണക്കനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ 2010 ഡിസംബർ 31 വരെ മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, ജില്ലാ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, വില്ലേജ് പഞ്ചായത്തുകൾ എന്നിവ വിനിയോഗിച്ച തുകയുടെ ശതമാനം ചുവടെ ചേർക്കുന്നു.

സ്വയംഭരണ സ്ഥാപനങ്ങൾ	വിനിയോഗിച്ച തുക (ശതമാനത്തിൽ)
മുനിസിപ്പാലിറ്റികൾ	43
കോർപ്പറേഷനുകൾ	29
ജില്ലാ പഞ്ചായത്തുകൾ	34
ബ്ലോക്ക് പഞ്ചായത്തുകൾ	43
ഗ്രാമ പഞ്ചായത്തുകൾ	40

പൊതുമരാമത്ത്, ശുദ്ധജലവിതരണം, മൈനർ ഇറിഗേഷൻ എന്നീ വകുപ്പുകളിലെ പ്രവൃത്തികൾക്ക് ഭരണാനുമതി

180(1437) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് നിലവിൽ വന്നതിനുശേഷം പൊതുമരാമത്ത്, ശുദ്ധജലവിതരണം, മൈനർ ഇറിഗേഷൻ വകുപ്പുകളിൽ ഓരോ വർഷവും എത്ര രൂപയുടെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) 2001-2006 കാലത്ത് പ്രസ്തുത മേഖലയിൽ ആകെ അനുമതി നൽകിയ തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) ട്രഷറി നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ് ;

(ഡി) പ്രസ്തുതപദ്ധതിയിൻകീഴിൽ എത്ര തുകയുടെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly